# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.470

## 05-06-2018 ൽ മറുപടിക്ക്

## കിഫ്ബി വഴി സ്വരൂപിക്കുന്ന തുക

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി സ്വരൂപിക്കുന്ന ഏതെങ്കിലും തുക സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് കിഫ്ബി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ നിയമത്തിൽ ഏത് വകുപ്പിലാണ് ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;<br>(ബി) സർക്കാർ നൽകുന്ന ഗ്രാന്റോ മുൻകൂർ തുകകളോ ട്രഷറിയിൽ നിക്ഷേപിക്കാമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ബന്ധപ്പെട്ട വകുപ്പിൽ ഇത് എപ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ഭേദഗതി ചെയ്ത കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി നിയമത്തിലെ 7 ാം വകുപ്പ് പ്രകാരം ബോർഡിന്റെ തിരിച്ചടവ് ബാധ്യതകൾ, പ്രവർത്തന ചെലവുകൾ, ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി സർക്കാർ ലഭ്യമാക്കുന്ന ബജറ്റ് വിഹിതം ടി നിയമത്തിലെ 3- ാം വകുപ്പിൻ കീഴിലെ 5-ാം ഉപവകുപ്പിന്റെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കാവുന്നതാണ്. |
| (സി) നിലവിൽ കിഫ്ബിയിലെ തുകകൾ ട്രഷറി നിക്ഷേപമായി സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര തുക ഇത്തരത്തിൽ സൂക്ഷിച്ചിട്ടുണ്ട്; | കിഫ്ബിയിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള കരുതൽ നിക്ഷേപമായ "സീഡ് കാപിറ്റൽ" തുകയിനത്തിൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നും സർക്കാർ ലഭ്യമാക്കിയിട്ടുള്ള 2498.42 കോടി രൂപയും, കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കുള്ള നീക്കിയിരുപ്പ് തുകയായ 56.13 കോടി രൂപയുമാണ് നിലവിൽ ട്രഷറി നിക്ഷേപമായി സൂക്ഷിച്ചിട്ടുള്ളത്. ഈ ഇനങ്ങളിലല്ലാതെ മറ്റൊരു തുകയും ട്രഷറി നിക്ഷേപമായി സൂക്ഷിച്ചിട്ടില്ല. |

| | |
|---|---|
| (ഡി) ഇത് നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | എ, ബി പിരിവുകൾക്കുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ ഇത് നിയമാനുസൃതമാണ്. |

സെക്ഷൻ ഓഫീസർ